# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.01.2025**

### പ്രധാനവാർത്തകൾ

1. ദേശീയ ക്രിട്ടിക്കൽ മിനറൽ മിഷന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭാ യോഗം.

2. റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ഭാഗമായുള്ള ബീറ്റിംഗ് ദ റിട്രീറ്റ് ചടങ്ങ് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടന്നു.

3. ബ്രൂവറി വിഷയത്തിൽ പ്രതിപക്ഷം അസത്യ പ്രചരണങ്ങൾ ആവർത്തിക്കുന്നതായി മന്ത്രി എം.ബി. രാജേഷ്. ഒരു തുള്ളി ഭൂഗർഭജലം പോലും പദ്ധതിക്കായി ഉപയോഗിക്കില്ലെന്നും മന്ത്രി.

4. സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24 ന്.

5. കേരളത്തിൽ കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

6. 38-ാമത് ദേശീയ ഗെയിംസിൽ ഇരട്ട വെങ്കലം നേടി കേരളത്തിന്റെ സജൻ പ്രകാശ്.

****************************************

## കേന്ദ്ര മന്ത്രിസഭ

ദേശീയ ക്രിട്ടിക്കൽ മിനറൽ മിഷന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭാ യോഗം. ദൗത്യത്തിനായി 7 വർഷത്തേക്ക് 34,300 കോടി രൂപ അനുവദിക്കുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ധാതു പര്യവേക്ഷണത്തിൽ രാജ്യത്തിൻറെ സാധ്യതകൾ വർധിപ്പിച്ച് ഇറക്കുമതി ആശ്രയം കുറക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഹരിതോർജ്ജം, കൃഷി, പ്രതിരോധം, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങി വിവിധ മേഖലകൾക്ക് ദൗത്യം ഗുണകരമാകും. എഥനോൾ ഉത്പാദനത്തിനുള്ള കരിമ്പ് മൊളാസസിൻറെ സംഭരണവിലയ്ക്കും മന്ത്രിസഭ അംഗീകാരം നൽകി.

***************************************

RNU TVPM

## ബീറ്റിംഗ് ദ റിട്രീറ്റ് ഇൻട്രോ

റിപ്പബ്ലിക്ക് ദിനാഘോഷത്തിൻ്റെ ഭാഗമായുള്ള ബീറ്റിംഗ് ദ റിട്രീറ്റ് ചടങ്ങ് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് തുടങ്ങിയ പ്രമുഖർ ചടങ്ങ് വീക്ഷിക്കാൻ എത്തി. വിവിധ സേനാ വിഭാഗങ്ങളുടെ ബാൻഡുകൾ ചടങ്ങിൽ ഈണങ്ങൾ ആലപിച്ചു.

(ഹോൾഡ്)

അതിപ്രശസ്തമായ കദം കദം ബഡായേ ജാ ആലാപനത്തോടെയാണ് ബീറ്റിംഗ് ദ റിട്രീറ്റ് ചടങ്ങിന് തുടക്കമായത്. അമർ ഭാരതി, ഇന്ദ്രധനുഷ് തുടങ്ങിയ ജനപ്രിയ ഈണങ്ങളുടെ ആലാപനത്തിനും ചടങ്ങ് വേദിയായി.

************************************

## വഖഫ് ഭേദഗതി ബിൽ

വഖഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച കരട് റിപ്പോർട്ടിന് അംഗീകാരം നൽകി സംയുക്ത പാർലമെൻറ് സമിതി. ബില്ലുമായി ബന്ധപ്പെട്ട 14 വ്യവസ്ഥകളിലെ ഭേദഗതികൾ അംഗീകരിച്ചതായി സമിതി ചെയർമാൻ ജഗദാംബിക പാൽ പറഞ്ഞു. കരട് റിപ്പോർട്ട് നാളെ ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് മുന്നിൽ സമർപ്പിക്കും. എന്നാൽ പ്രതിപക്ഷം നിർദ്ദേശിച്ച ഭേദഗതികൾ പരിഗണിക്കാതെ, റിപ്പോർട്ട് തിടുക്കത്തിൽ അംഗീകരിക്കുക ആയിരുന്നെന്ന് സമിതിയിലെ പ്രതിപക്ഷ അംഗങ്ങൾ പ്രതികരിച്ചു.

************************************

## എം.ബി. രാജേഷ് - ഇൻട്രോ

ബ്രൂവറി വിഷയത്തിൽ പ്രതിപക്ഷം അസത്യ പ്രചരണങ്ങൾ ആവർത്തിക്കുന്നതായി മന്ത്രി എം.ബി. രാജേഷ്. പത്തു ഘട്ട പരിശോധന പൂർത്തിയാക്കിയാണ് പദ്ധതിക്ക് അനുമതി നൽകിയത്. വെള്ളത്തിന്റെ കാര്യത്തിൽ ആശങ്കയുടെ ആവശ്യമില്ലെന്നും ഒരു തുള്ളി ഭൂഗർഭജലം പോലും ഇതിനായി ഉപയോഗിക്കില്ലെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രതിപക്ഷനേതാവ് ഇന്ന് പുറത്തുവിട്ട രേഖ സർക്കാർ സൈറ്റിലൂടെ 16-ാാം തീയതി തന്നെ പുറത്തുവിട്ടതാണെന്നും, പ്രതിപക്ഷത്തിൻറെ ആരോപണങ്ങൾ തന്നെ ഇത് ഇല്ലാതാക്കുന്നതായും മന്ത്രി ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

ബന്ധപ്പെട്ട വകുപ്പുകളിലോ, മുന്നണിയിലോ ആലോചിക്കാതെയാണ് ബ്രൂവറി വിഷയത്തിൽ മന്ത്രിസഭ തീരുമാനം കൈക്കൊണ്ടതെന്ന പ്രതിപക്ഷ നേതാവ് വി ഡി

RNUTVPM

സതീശന്റെ ആരോപണത്തിന് മറുപടിയായാണ് മന്ത്രി എം ബി രാജേഷ് ഇക്കാര്യം വ്യക്തമാക്കിയത്. മറ്റ് വകുപ്പുകളുമായി ആലോചിക്കാതെ എക്സൈസ് വകുപ്പ് ഏകപക്ഷീയമായി മുന്നോട്ട് പോവുകയാണെന്ന് ബിജെപിയും ആരോപണം ഉന്നയിച്ചിരുന്നു.

**************************************

## ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24

സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24ന് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ. തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീവരാഹം വാർഡ്, കൊട്ടാരക്കര, പത്തനംതിട്ട, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകൾ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. അടുത്ത മാസം ആറ് വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഫെബ്രുവരി 25 നാണ് വോട്ടെണ്ണൽ.

RNU TVPM

**************************************

## ദേശീയ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38 മത് ദേശീയ ഗെയിംസിൽ കേരളത്തിന്റെ സജൻ പ്രകാശിന് ഇരട്ട വെങ്കലം. പുരുഷ നീന്തൽ 200 മീറ്റർ ഫ്രീ സ്റ്റൈലിലും 100 മീറ്റർ ബട്ടർഫ്‌ളൈ ഇനത്തിലുമാണ് സജൻ പ്രകാശ് വെങ്കലം നേടിയത്. പുരുഷ റഗ്ബിയിൽ കേരളം ഇന്ന് ഉത്തരാഖണ്ഡിനെ പരാജയപ്പെടുത്തി. വനിതാ വോളിബോളിൽ പശ്ചിമബംഗാളിനെതിരെയും, വനിതാ വാട്ടർ പോളോയിൽ തമിഴ്നാടിനെതിരെയും കേരളം ഇന്ന് വിജയം നേടി. ദേശീയ ഗെയിംസ് പോയിന്റ് പട്ടികയിൽ നാല് സ്വർണവുമായി

മണിപ്പൂർ ഒന്നാമതും കർണാടകയും മഹാരാഷ്ട്രയും രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്. കേരളം എട്ടാം സ്ഥാനത്താണ്.

**************************************

## വി.എൻ വാസവൻ - ഇൻട്രോ

മാരിടൈം ഹബ്ബാക്കി കേരളത്തെ മാറ്റാൻ ലക്ഷ്യമിട്ടുള്ള വിഴിഞ്ഞം അന്താരാഷ്ട്ര കോൺക്ലേവിന് തിരുവനന്തപുരത്ത് സമാപനം. രാജ്യത്തിനുള്ള കേരളത്തിൻറെ സമ്മാനമാണ് വിഴിഞ്ഞം തുറമുഖമെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. വികസനത്തിനും അവസരങ്ങൾക്കുമുള്ള കവാടമാണ് വിഴിഞ്ഞം ടെർമിനലെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

രണ്ട് ദിവസത്തെ കോൺക്ലേവിൽ ലോകോത്തര കമ്പനികളിൽ നിന്നുള്ള പ്രതിനിധികളും നിക്ഷേപകരും പങ്കെടുത്തു.

RNU TVPM

**************************************

## ആർ. ബിന്ദു

സംസ്ഥാനങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്ന തരത്തിലാണ് യു.ജി.സി. നിയമങ്ങളിലെ പുതിയ പരിഷ്കാരം എന്നും, വൈസ് ചാൻസിലർമാരുടെ അധികാരം താഴ്ത്തുന്ന തരത്തിലുള്ള മാനദണ്ഡങ്ങളാണിവ എന്നും മന്ത്രി ആർ. ബിന്ദു. കരട് മാനദണ്ഡങ്ങൾക്കെതിരെ പ്രതിപക്ഷം ഭരണത്തിലുള്ള സംസ്ഥാനങ്ങളിലെ മന്ത്രിമാരെയടക്കം ഉൾപ്പെടുത്തി ഫെബ്രുവരി 20 ന് തിരുവനന്തപുരത്ത്

കൺവെൻഷൻ സംഘടിപ്പിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

**************************************

## നെന്മാറ കേസ്

നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി ചെന്താമരയെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. കൊലപാതകത്തിന് ശേഷം ഒളിവിൽ പോയ ഇയാളെ 36 മണിക്കൂർ നീണ്ട തിരച്ചിലിന് ശേഷം ഇന്നലെ രാത്രിയാണ് പോലീസ് പിടികൂടിയത്. പ്രതിയെ കൂടുതൽ ചോദ്യം ചെയ്യുന്നതിനായി കസ്റ്റഡി അപേക്ഷ നൽകുമെന്ന് പാലക്കാട് എസ്.പി അജിത് കുമാർ പറഞ്ഞു. വൈരാഗ്യം മൂലമുള്ള ആസൂത്രിത കൊലപാതകമാണിതെന്നും, പ്രതി മനസ്താപമില്ലാത്ത കുറ്റവാളിയാണെന്നും എസ്.പി അറിയിച്ചു. 2019 ൽ പോത്തുണ്ടി ബോയൻ കോളനിയിലെ സജിതയെ കൊലപ്പെടുത്തിയ കേസിൽ ജാമ്യത്തിലിറങ്ങിയ ചെന്താമര, സജിതയുടെ ഭർത്താവ് സുധാകരനെയും, അമ്മ ലക്ഷ്മിയെയുമാണ് കഴിഞ്ഞ ദിവസം കൊലപ്പെടുത്തിയത്.

RNU/TVPM

**************************************

## ചൂട് - ആരോഗ്യമന്ത്രി

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണെന്നും മന്ത്രി പറഞ്ഞു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കരുത്. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധ

പുലർത്തണം. നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം. ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യമന്ത്രി അഭ്യർത്ഥിച്ചു. വടക്കൻ കേരളത്തിൽ ഇന്നും നാളെയും സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

*************************************

## അശ്വമേധം 6 .0

കുഷ്ഠരോഗ നിർമാർജനം ലക്ഷ്യമിട്ട് ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന 'അശ്വമേധം' ആറാം ഘട്ടം ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം ദേശീയ കുഷ്ഠരോഗ വിരുദ്ധ ദിനമായ നാളെ മന്ത്രി വീണാ ജോർജ് നിർവഹിക്കും. ക്യാമ്പയിന്റെ ഭാഗമായി അടുത്ത മാസം 12 വരെ, രണ്ടാഴ്ചക്കാലം നീളുന്ന ഭവന സന്ദർശനം, സ്പർശ് ക്യാമ്പയിൻ എന്നിവ സംഘടിപ്പിക്കും.

RNUTVPM

*************************************

## മാധ്യമ ദിനാഘോഷം - എ എൻ ഷംസീർ

മാധ്യമ സ്വാതന്ത്ര്യത്തിൽ കേരളം മുന്നിലാണെന്നും, മാധ്യമ പ്രവർത്തകർക്ക് മികച്ച സ്വീകാര്യത സംസ്ഥാനത്ത് ലഭിക്കുന്നതായും നിയമസഭാ സ്പീക്കർ എ എൻ ഷംസീർ. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച മാധ്യമ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*************************************

## ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്ത്

അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന് ഭദ്രദീപം തെളിയിക്കാനുള്ള ദീപനാളവുമായുള്ള ജ്യോതിപ്രയാണം നാളെ രാവിലെ 7ന് ചവറ പന്മന ആശ്രമത്തിൽ നിന്ന് പുറപ്പെടും. ചട്ടമ്പി സ്വാമികളുടെ മഹാസമാധി ക്ഷേത്രത്തിലെ വിളക്കിൽനിന്നും പകരുന്ന ദീപം വഹിച്ചുള്ള പ്രയാണം നാലാം നാൾ ചെറുകോൽപ്പുഴ വിദ്യാധിരാജ നഗറിലെ ഉദ്ഘാടന വേദിയിലെത്തും. ഫെബ്രുവരി 2 മുതൽ 9 വരെ നടക്കുന്ന 113 -ാമത് പരിഷത്ത്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

**************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഹൈദരാബാദ് FC യെ നേരിടും. ഗുവാഹത്തിയിൽ രാത്രി 07:30 നാണ് മത്സരം.

**********************************************************

**************************************

***********************

RNUTVPM